**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതിക്ക്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**.... നികുതി (എച്ച്)വകുപ്പ്**

**സ.ഉ.(സാധാ) നം.372/2018/നി.വ** തീയതി,തിരുവനന്തപുരം, 29/05/2018

പരാമർശം:- കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29.11.2017 ലെ Esta1/1067/17-18/KSLA&SWFB നമ്പർ കത്ത്.

**ഉത്തരവ്**

താല്കാലിക തട്ടുകൾ ഉപയോഗിച്ച് ഭാഗ്യക്കുറി വിൽപ്പന നടത്തുന്ന ക്ഷേമനിധി അംഗങ്ങൾക്ക് ഉപയോഗിക്കുവാനായി സംസ്ഥാന ഭാഗ്യക്കുറിയുടെ പരസ്യങ്ങൾ പ്രിന്റ് ചെയ്ത ബീച്ച് അംബ്രല്ല കുടുംബശ്രീ മുഖേന തയ്യാറാക്കി നൽകുന്നതിന് എല്ലാ നികുതികളും ഉൾപ്പെടെ ഒരെണ്ണത്തിന് 1685.60 രൂപ നിരക്കിൽ 300/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി പ്രാരംഭ ഘട്ടത്തിൽ 2000 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി ലഭിയ്ക്കുന്നതിനായി പരാമർശം (1) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താല്കാലിക തട്ടുകൾ മുഖേന വഴിയോര കച്ചവടം നടത്തുന്ന ഭാഗ്യക്കുറി വില്പനക്കാർക്ക് കുടുംബശ്രീയിൽ നിന്നും ടെണ്ടർ നടപടി കൂടാതെ ബീച്ച് അംബ്രല്ല നൽകുന്ന, 27,71,200/- രൂപ (ഇരുപത്തി ഏഴ് ലക്ഷത്തി എഴുപത്തിയോരായിരത്തി ഇരുന്നൂറ് രൂപ മാത്രം) ചെലവ് വരുന്ന പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ചെലവ് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ "2075-MISC-General Services-103-99-Sale

of Tickets-02-08-Publicity Charges" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ രാജഗോപാൽ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ് 1.സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ERSA&GSSA), കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
6.ധനകാര്യവകുപ്പ്(No.EXP-B1/120/2018-FIN (789247) )
_ 7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ